വരുണ അധികാരം — D.D.O - മാർക്കറ്റ് ത്രശൂർ

10599
16/8/18

കേരള സർക്കാർ

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

നം.74 /2018/ധന

തിരുവനന്തപുരം, തീയതി: 14.08.2018

## പരിപത്രം

വിഷയം — മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സർക്കാർ ജീവനക്കാരുടെ 2018 ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം നൽകുന്നതു - സംബന്ധിച്ച്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും രണ്ടു ദിവസത്തെ ശമ്പളത്തിൽ കുറയാത്ത തുക നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി. ശമ്പളത്തിൽ നിന്നും ഈ കിഴിവ് നടത്തി ഒടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഡി ഡി ഒ മാരുടേയും വകുപ്പ് മേധാവികളുടെയും അറിവിലേക്കും സത്വര നടപടികൾക്കുമായി പുറപ്പെടുവിക്കുന്നു.

1. സ്പാർക്ക് സംവിധാനത്തിൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതിനും ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുമുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പെർഫോർമയിൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം സ്വീകരിച്ച ശേഷം കിഴിവ് നടത്തേണ്ടതാണ്.

2. മേൽ പ്രകാരം കിഴിവ് ചെയ്യപ്പെടുന്ന തുക ഡി ഡി ഒ മാരുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിലേക്ക് ആദ്യം വരവ് രേഖപ്പെടുത്തി തുടർന്ന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലെ 701010200000080 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് വരവ് ചെയ്യുന്നതായിരിക്കും. ഓഗസ്റ്റ് മാസത്തെ ബില്ലിനോടൊപ്പം ഈ ഇനത്തിലുള്ള കിഴിവു തുകയുടെ വിവരവും CMDRF എന്നും രേഖപ്പെടുത്തിയ റ്റി എസ് ബി ചെക്ക് നിർബന്ധമായും ഡി ഡി ഒ മാർ അടക്കം ചെയ്യേണ്ടതാണ്.

3. ബില്ലിൽ പ്രസ്തുത ഫണ്ടിലേക്കുള്ള തുക ഒന്നുമില്ലായെങ്കിൽ ആയതു സംബന്ധിച്ച സാക്ഷ്യപത്രം ഡി ഡി ഒ രേഖപ്പെടുത്തേണ്ടതാണ്.

4. ഓഗസ്റ്റ് മാസത്തെ ശമ്പള ബില്ലുകൾ ഇതിനോടകം ട്രഷറിയിലേക്കു സമർപ്പിച്ചിട്ടുള്ള കേസുകളിൽ മേൽ കിഴിവ് സെപ്റ്റംബർമാസത്തെ ശമ്പളത്തിൽ നിന്നും നടത്താവുന്നതാണ്.

5. സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന മറ്റു സ്ഥാപനങ്ങളിലെ ഡി ഡി ഓ മാർ ജീവനക്കാരിൽ നിന്നും തുക ശേഖരിച്ചു നിലവിലെ രീതിയിൽ CMDRF യിലേക്ക് ഒടുക്കാവുന്നതാണ്

6. ഇതുമായി ബന്ധപ്പെട്ട് റീഫണ്ട് നൽകുന്നതിനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതല്ല. ആകയാൽ ശമ്പള ബില്ല് തയ്യാറാക്കുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു.

7 ആദായ നികുതി ഇളവിനുള്ള സാക്ഷ്യപത്രം നൽകുന്നതും, അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളും അതത് ഡി ഡി ഒ മാർ തന്നെ ധനകാര്യ (ഫണ്ട്സ്) വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

8. ഇതു സംബന്ധിച്ച് ട്രഷറി ഓഫീസർമാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടിയന്തിരമായി ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്.

16/08/18

മേലെഴുത്ത് നം: ഇ7/10599/18/സിസി/തസ്വഭവ തീ: 16.08.2018

പ്രസ്തുത സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ടിയുള്ള അടിയന്തര നടപടികൾ ജില്ലാ നിയന്ത്രണാധികാരികളും സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

മേൽ നിർദ്ദേശങ്ങൾ കണിശമായി പാലിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

മനോജ് ജോഷി
പ്രിൻസിപ്പൽസെക്രട്ടറി (ധനകാര്യം)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ മേധാവികൾക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം),
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മിഷൻ, തിരുവനന്തപുരം.
സ്പാർക്ക് പി എം യു, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ( ഫണ്ട്സ്) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമ പ്രചാരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സമ്മതപത്രം

എന്റെ ___________ മാസത്തെ ശമ്പളത്തിൽ നിന്നും ________ രൂപ / __________ ദിവസത്തെ തുക കുറവ് ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നതിന് സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ച് ഒപ്പിട്ട് നൽകുന്നു.

തീയതി:

സ്ഥലം:

പേര്:
പെൻ
ഉദ്യോഗപ്പേര്:
ഓഫീസ്:

To

ബന്ധപ്പെട്ട DDO / വകുപ്പ് / ഓഫീസ് മേധാവിക്ക്